## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17** **08.02.2016 ന് മറുപടിയ്ക്ക്**

## മദ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള<br>,, പി.കെ.ബഷീർ<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, വി.എം.ഉമ്മർ മാസ്റ്റർ :** | | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സുപ്രീംകോടതി വിധിയോടെ സർക്കാരിന്റെ മദ്യനയത്തിന് അംഗീകാരം ലഭിച്ച സാഹചര്യത്തിൽ തുടർനടപടികൾ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സുപ്രീംകോടതി വിധി സർക്കാർ നയത്തിന് അനുകൂലമായാണ് ഉണ്ടായത്. തുടർ നടപടികൾ ആലോചിച്ച് നടപ്പിലാക്കും. |
| (ബി) | മദ്യത്തിനെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മദ്യ-ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്, ലഹരിവിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, കോളനികൾ കേന്ദ്രീകരിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആദിവാസി-പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ |

| | | | |
|---|---|---|---|
| | | | പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷനുകളിലും സി.സി.ടി.വി. മുഖേനയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്. ദൃശ്യ ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവല്ക്കരണം, സംസ്ഥാനതലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സ് തുടങ്ങിയ പരിപാടികളാണ് ഇതോടനുബന്ധിച്ച് എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. ലഹരിക്ക് അടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. 2016 മുതൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി "സുബോധം" പദ്ധതിക്ക് രൂപം നല്കി നടപ്പിലാക്കി വരുന്നു. ജില്ലാതലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എം.എസ്.ഡബ്ല്യൂ ബിരുദധാരികളെ താല്ക്കാലികാടിസ്ഥാനത്തിൽ നോഡൽ ഓഫീസർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| (സി) | മദ്യലഭ്യത കുറച്ചുകൊണ്ടുവരാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ? | (സി) | മദ്യത്തിന്റെ ലഭ്യത പരമാവധി കുറച്ചുകൊണ്ടുവരാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ തന്നെ കഴിഞ്ഞ സർക്കാർ അനുവദിച്ചിരുന്ന KSBC യുടെ 12 എഫ്.എൽ-1 ഷോപ്പുകൾ തുടങ്ങേണ്ടതില്ലായെന്ന് തീരുമാനിച്ചിരുന്നു. 2014-15 വർഷത്തെ മദ്യനയം പ്രകാരം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 328 എഫ്.എൽ-1 |

| | | | |
|---|---|---|---|
| | | | ഷോപ്പകളുടെയും കൺസ്യൂമർ ഫെഡിന്റെ 46 എഫ്.എൽ-1 ഷോപ്പകളുടെയും 10% ഷോപ്പകൾ വീതം 2014 ഒക്ടോബർ 2 മുതൽ ഓരോ വർഷവും നിർത്തലാക്കാൻ തീരുമാനിച്ചിരുന്നു. അതനുസരിച്ച് 78 എഫ്. എൽ-1 ഷോപ്പകൾ സർക്കാർ കഴിഞ്ഞ 2 വർഷങ്ങളിലായി നിർത്തലാക്കിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യത കുറയ്ക്കണമെന്ന ഉദ്ദേശ്യത്തോടെ ബാറുകളുടെ പ്രവൃത്തി സമയം 5.30 മണിക്കൂർ വെട്ടിക്കുറച്ചു. ബാർ ലൈസൻസ് നൽകുന്നത് അഞ്ച് നക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്ക് മാത്രമായിരിക്കുമെന്ന് സർക്കാർ മദ്യനയത്തിൽ തീരുമാനിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

Baiju. V

**സെക്ഷൻ ഓഫീസർ**